To
FMIS
[handwritten initials] 17/7/19
PRO

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

### തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി: 17.07.2019

**വന അദാലത്ത്: തിരുവനന്തപുരം ജില്ലയിൽ അപേക്ഷകൾ ആഗസ്റ്റ് രണ്ടുവരെ സ്വീകരിക്കും**

വനംവന്യജീവി വകുപ്പുമായി ബന്ധപ്പെട്ട പരാതികൾക്ക് അടിയന്തിര പരിഹാരം കാണുന്നതിനായി വകുപ്പ് തിരുവനന്തപുരം ജില്ലയിൽ സംഘടിപ്പിക്കുന്ന വന അദാലത്ത് ആഗസ്റ്റ് 9 ന് നടക്കും. നെടുമങ്ങാട് മുനിസിപ്പൽ ടൗൺഹാളിൽ രാവിലെ 10ന് വനംമന്ത്രി അഡ്വ കെ രാജു അദാലത്ത് ഉദ്ഘാടനം ചെയ്യും. പട്ടയ സംബന്ധമായ പരാതികൾ ഒഴികെ വനംവകുപ്പുമായി ബന്ധപ്പെട്ട പരാതികളാണ് അദാലത്തിൽ പരിഗണിക്കുക. ആഗസ്റ്റ് രണ്ട് വരെ ലഭിക്കുന്ന പരാതികൾ അദാലത്തിൽ പരിഗണിക്കും. സ്വന്തം മേൽവിലാസവും ഫോൺനമ്പറും രേഖപ്പെടുത്തിയ അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം വനംവകുപ്പിന്റെ താഴെ പറയുന്ന ഓഫീസുകളിൽ സമർപ്പിക്കാവുന്നതാണ്. അപേക്ഷ നൽകുന്ന സമയത്ത് പരാതിക്കാരന് ലഭിക്കുന്ന ടോക്കൺ നമ്പറാണ് തുടരന്വേഷണങ്ങൾക്ക് ഉപയോഗിക്കേണ്ടത്. ഉച്ചക്ക് ഒരു മണിക്ക് അദാലത്ത് സമാപിക്കും.

തിരുവനന്തപുരം മേഖലയിലെ ഡി എഫ് ഓ ഓഫീസ്, ഡി എഫ് ഒ ഫ്ളയിംഗ് സ്ക്വാഡ്, വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസ്, ഡി എഫ് ഒ ഓഫീസ് ടിമ്പർ സെയിൽസ്, എ സി എഫ് ഓഫീസ് സോഷ്യൽ ഫോറസ്ട്രി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് സോഷ്യൽ ഫോറസ്ട്രി തിരുവനന്തപുരം, റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് ഫ്ളയിംഗ് സ്ക്വാഡ് കൺട്രോൾ റൂം തിരുവനന്തപുരം ,റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് കുളത്തൂപ്പുഴ നെടുമങ്ങാട് മേഖലയിലെ എ സി എഫ് ഓഫീസ്, റിസർച്ച് മടത്തറ, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ ഓഫീസ് പേപ്പാറ, പാലോട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് ഫ്ളയിംഗ് സ്ക്വാഡ് ചുള്ളിമാനൂർ, കല്ലാർ, പൊന്മുടി, ചുളിയാമല, ആര്യനാട്, വിതുര, അതിരുമല,തോടയാർ, ശംഭുതാങ്ങി സെക്ഷൻ ഫോറസ്റ്റ് ഓഫീസുകൾ, കാണിത്തടം ഫോറസ്റ്റ് ചെക്ക് പോസ്റ്റ്, കാട്ടാക്കട മേഖലയിലെ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ ഓഫീസ് നെയ്യാർ,റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് പരുത്തിപ്പള്ളി,ഡെപ്യൂട്ടി വാർഡന്റെ കാര്യാലയം എ ബി പി റെയിഞ്ച് കോട്ടൂർ, ക്ലാമല ഒന്ന്, ക്ലാമല 2 ,കോട്ടൂർ സെക്ഷൻ ഫോറസ്റ്റ് ഓഫീസുകൾ, നെയ്യാറ്റിൻകര മേഖലയിലെ സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് നെയ്യാറ്റിൻകര, ഫോറസ്റ്റ് ചെക്ക്പോസ്റ്റ് പാറശ്ശാല, ആറ്റിങ്ങൽ മേഖലയിലെ സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് ആറ്റിങ്ങൽ എന്നിവിടങ്ങളിൽ ആഗസ്റ്റ് രണ്ടുവരെ അപേക്ഷകൾ സമർപ്പിക്കാം,

ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ